## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2206 — 08.03.2017-ൽ മറുപടിയ്ക്ക്

### 'കേപ്'ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | 'കേപ്'ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് 25-7-2015 ലെ വിജ്ഞാപന പ്രകാരം ട്രേഡ്സ്മാൻ, ഇൻസ്ട്രക്ടർ എന്നീ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ; | (എ) | അപേക്ഷ ക്ഷണിച്ചിരുന്നു. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത്; എത്ര പേരെ പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമിച്ചു; | (ബി) | 04.03.2016-ലാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. എന്നാൽ റാങ്ക് ലിസ്റ്റിന് ഭരണസമിതി അംഗീകാരം നൽകിയിട്ടില്ല. പ്രസ്തുത ലിസ്റ്റിൽ നിന്നും ആരെയും നിയമിച്ചിട്ടില്ല. |
| (സി) | ആരെയും നിയമിച്ചില്ലായെങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത റാങ്ക് ലിസ്റ്റുകൾ കേപ്പിന്റെ ഭരണസമിതിയുടെ പരിശോധനയിലാണ്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ